(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 3,00,000 (മൂന്ന് ലക്ഷം) രൂപയും ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതിപ്രകാരം 3,50,000 (മൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിച്ചുവരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹമായ എല്ലാ പട്ടികജാതി കുടുംബങ്ങളുടെയും പുനരധിവാസമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഡയറക്ടർ തലത്തിൽ ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം

280(981) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുകയിൽ സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ല എന്നത് സംബന്ധിച്ച ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന IAY (ഐ.എ.വൈ) പദ്ധതി പ്രകാരം പണി പൂർത്തിയായതും അല്ലാത്തതുമായ വീടുകളുടെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

2011-12	3500
2012-13	5000
2013-14	6397
2014-15	4500
2015-16	5000

(ബി) വകുപ്പിൽനിന്നും വീടുകൾക്ക് അനുവദിക്കുന്ന മുഴുവൻ വിഹിതവും വകുപ്പ് തന്നെയാണ് നൽകിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടാറില്ല.

(സി) 2009-ൽ കില നടത്തിയ സർവ്വേ അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ഭവനരഹിതർ	ഭൂരഹിതർ
തിരുവനന്തപുരം	4172	7600
കൊല്ലം	1163	10990
പത്തനംതിട്ട	849	2092
ആലപ്പുഴ	964	2019
കോട്ടയം	2022	1446
ഇടുക്കി	997	3323
എറണാകുളം	1876	6721
തൃശ്ശൂർ	3796	4251
പാലക്കാട്	3374	4204
മലപ്പുറം	100	3153
കോഴിക്കോട്	7230	2548
വയനാട്	210	199
കണ്ണൂർ	296	1477
കാസർഗോഡ്	366	2548

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly